"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ് സ്റ്റഡീസിൽ ഡയറക്ടറുടെയും, അദ്ധ്യാപകരുടെയും തസ്തിക സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(കൈ) നം.564/2021/ഉ.വി.വ തീയതി,തിരുവനന്തപുരം, 26/11/2021

---

പരാമർശം:- കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലാ രജിസ്ട്രാറുടെ 25/09/2019, 19/10/2020 തീയതികളിലെ Ad.D2/Misc/2013/(PF) നം. കത്തുകൾ

<u>ഉത്തരവ്</u>

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ് സ്റ്റഡീസിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം സർവ്വകലാശാലാ രജിസ്ട്രാർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ് സ്റ്റഡീസിൽതാഴെ പറയും പ്രകാരം ഡയറക്ടറുടെയും, അദ്ധ്യാപകരുടെയും തസ്തിക സൃഷ്ടിച്ച് ഉത്തരവാകുന്നു

1. ഡയറക്ടർ (പ്രൊഫസർ കേഡർ) - 1
2. പ്രൊഫസർ -1
3. അസോസിയേറ്റ് പ്രൊഫസർ-1
4. അസിസ്റ്റന്റ് പ്രൊഫസർ - 1

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു വി ഐഎഎസ്
അഡീഷണൽ ചീഫ് സെക്രട്ടറി

രജിസ്ട്രാർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

ഡയറക്ടർ, ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ് സ്റ്റഡീസ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/(എ&ഇ), കേരള, തിരുവനന്തപുരം

ധനകാര്യവകുപ്പ് (18769 EDN-C1/86/2017-FIN തീയതി 30.03.2020)

പൊതുഭരണ (എസ്.സി) വകുപ്പ് (24/11/2021 ലെ ഇനം നം.385)

www.highereducation.kerala.gov.in

പൊതുജന വിവര സമ്പർക്ക വകുപ്പ്

ഓഫീസ് കോപ്പി (ബി2/236/2017/ഉ.വി.വ)/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

5666380

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-11-2021

ഫയൽ നം. ബി2/236/2017/ഉ.വി.വ. ഇനം നം: 385

വിഷയം : ഉന്നത വിദ്യാഭ്യാസ വകുപ്പ് - കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്ററായ ഐ.യു.സി.ഐ.പി.ആർ.എസ്.-ൽ ഡയറക്ടറുടേയും, അദ്ധ്യാപകരുടെയും തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

### മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ബി 2/236/2017/ഉ.വി.വ |
| 2. | വകുപ്പ് | : | ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ് |
| 3. | വിഷയം | : | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്ററായ ഐ.യു.സി.ഐ.പി.ആർ.എസ് - ൽ ഡയറക്ടറുടെയും, അധ്യാപകരുടെയും തസ്തിക സൃഷ്ടിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 27/07/2021 |
| 5. | (1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. വിജയകുമാർ. ആർ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു. വി |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 06/11/2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 16/11/2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ. ആർ. ബിന്ദു |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 16/11/2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 18.11.2021. |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും. | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ് സ്റ്റഡീസ് (IUCIPRS) ൽ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയമാണ് ഈ ഫയലിൽ കൈകാര്യം ചെയ്യുന്നത്.

2. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്ററായ ഐ.പി.ആർ.എസി ൽ ചുവടെപ്പറയുന്ന തസ്തികകൾ അനുവദിച്ച നൽകണമെന്ന് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

| Sl.No | Name of Post | No. of posts to be created |
|---|---|---|
| 1 | Professor | 1 |
| 2 | Associate Professor | 1 |
| 3 | Assistant Professor | 2 |
| 4 | Assistant | 2 |
| 5 | Professional Assistant Gr.II | 2 |
| 6 | Computer Assistant Gr II | 1 |
| 7 | Director | 1 |

3. മേൽ അഭ്യർത്ഥനപ്രകാരമുള്ള ശിപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുന്നതിനായി അയയ്ക്കുകയും അതിന്മേൽ ധനകാര്യ വകുപ്പ് 27/09/2017 ൽ ചുവടെപ്പറയും പ്രകാരം അഭിപ്രായം അറിയിക്കുകയുണ്ടായി :

"Considering the financial stringency faced by the Government and the huge financial commitment involved in the creation of the aforesaid posts, the proposal may be deferred

for better times and the Centre may be directed to utilise the services of the existing staff for the time being"

4. CUSAT ന്റെ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിന്റെ കീഴിലുള്ള സെന്റർ ഫോർ ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ് സ്റ്റഡീസ്- നെ 2010 ൽ ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളിൽ ഒന്നായി മാറ്റുന്നതിന് കേരള സർക്കാർ തിരഞ്ഞെടുത്തിരുന്നു. കേരളത്തിലെ ഏറ്റവും നല്ല ഇന്റർയൂണിവേഴ്സിറ്റി സെന്ററുകളിൽ ഒന്നാണ് IUCIPRS. ഇതിന് LLM(IP) യിലും LLM(IPR) ലും രണ്ട് നൂതന സംയോജിത പഞ്ചവൽസര ഡോക്ടറൽ പ്രോഗ്രാമുകൾ ഉണ്ട്. അതിൽ കുറച്ച് ഗവേഷക വിദ്യാർത്ഥികൾ വിദേശത്ത് നിന്നുള്ളവരാണ്. ഒരു വർഷ എൽ.എൽ.എം, പി.ജി ഡിപ്ലോമാ പ്രോഗ്രാമുകളും നടത്തുന്നുണ്ട്. എന്നിരുന്നാലും അധ്യാപക തസ്തികകൾ ഇതുവരെ അനുവദിക്കാതിരുന്നത് കാരണം ഈ സെന്റർ നടത്തിക്കൊണ്ട് പോകുന്നതിനും കാര്യക്ഷമമായി നിലനിന്നിരുന്ന സെന്ററിന്റെ പെരുമ നിലനിർത്തുന്നതിനും വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടുകയാണ്. അധ്യാപക തസ്തികകൾക്കായി ഓരോ തവണയും ഫയൽ സമർപ്പിക്കുമ്പോൾ സാമ്പത്തിക പരാധീനതമൂലം ഈ ആവശ്യം നിരാകരിക്കപ്പെടുകയാണുണ്ടായിട്ടുള്ളത്.

5. 2017 മുതൽ യൂണിവേഴ്സിറ്റി താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു.

1. ഡയറക്ടർ (1)
2. പ്രൊഫസർ (1)
3. അസോസിയേറ്റ് പ്രൊഫസർ - 1
4. അസിസ്റ്റന്റ് പ്രൊഫസർ - 2
5. അസിസ്റ്റന്റ് - 2

6. ഗവേണിങ് കൗൺസിൽ നിശ്ചയിക്കുന്ന സെർച്ച് കമ്മിറ്റിയുടെ ശിപാർശപ്രകാരം

മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള ഗവേണിങ് കൗൺസിലിന്റെ അംഗീകാരത്തോടെയാണ് സർക്കാർ ഡയറക്ടറെ നിയമിക്കുന്നത്. മറ്റ് ഫാക്കൽറ്റികളെയും മറ്റ് ഉദ്യോഗസ്ഥരെയും ആവശ്യാനുസരണം യൂണിവേഴ്സിറ്റിയും നിയമിക്കുന്നു.

7. മേൽ ശിപാർശ പരിഗണിച്ച ധനകാര്യവകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

"Administrative Department file is returned with the following information that the Finance have already given concurrence for the creation of the following posts in IUC IPRS under CUSAT vide UO note No.EDN-C1/86/2014-FIN dated 07.03.2018

1. Director - 1 (Academic Level 14 – Rs. 1,44,200/-)
2. Professor -1 (Academic Level 14 – Rs. 1,44,200/-)
3. Associate Professor- 1 (Academic Level 13A – Rs. 1,31,400/-)
4. Assistant Professor-1 (Academic Level 10 - Rs. 57,700/-)

Total -4 (Four)"

8. ടി തസ്തികകൾ യു.ജി.സി നിരക്കിലുള്ള ശമ്പളമാണ് നൽകേണ്ടിവരിക. മേൽപ്പറഞ്ഞ നാലു തസ്തികകൾക്കുമാത്രമായി 64,07,100/- രൂപയുടെ വാർഷിക അധിക ചെലവ് വരുന്നതാണ്.

9. ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ് സ്റ്റഡീസ് (IUCIPRS) ൽ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഉത്തരവിന് വേണ്ടി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ ഇക്കാര്യം മന്ത്രിസഭാ യോഗ തീരുമാനത്തിന് സമർപ്പിക്കുന്നതിന് ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

ധനകാര്യ വകുപ്പ് അംഗീകരിച്ചത് പ്രകാരം കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ് സ്റ്റഡീസിൽ താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിക്കാമോ ?

1. ഡയറക്ടർ - 1
2. പ്രൊഫസർ - 1
3. അസോസിയേറ്റ് പ്രൊഫസർ - 1
4. അസിസ്റ്റന്റ് പ്രൊഫസർ - 1